**കേരള സർക്കാർ**

സംഗ്രഹം

സെക്രട്ടറിയേററ് – എസ്ററാബ്ലിഷ്മെൻറ് – അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമന സംപ്രദായവും യോഗ്യതയും–ബിരുദധാരികളായ ടൈപ്പിസ്ററുമാരേയും,കോൺഫിഡൻഷ്യൽ അസിസ്ററൻറുമാരേയും യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്–ഇ) വകുപ്പ്**

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 132/98/പൊഭവ. തിരുവനന്തപുരം, 19.3.1998

---

പരാമർശം:– 17.6.88–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 219/88/ജി.എ.ഡി.

**ഉത്തരവ്**

അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നല്കുന്നതിന് ബിരുദധാരികളായ ടൈപ്പിസ്റ്റുമാരേയും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരെയും യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് മുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവനുസരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിലെ (ഡി) ഉപ വകുപ്പിൽ ഇപ്പോൾ യോഗ്യതാനിർണ്ണയ പരീക്ഷ പാസ്സായി സെക്ഷൻ ഓഫീസർ നിയമനം പ്രതീക്ഷിച്ചു കഴിയുന്ന ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്കും മുൻപായി ബിരുദധാരികളായ ടൈപ്പിസ്റ്റുമാരേയും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരെയും സെക്ഷൻ ആഫീസർമാരായി നിയമിക്കുകയില്ല എന്നും, എന്നാൽ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എന്നിവരുടെ ഊഴഅ വരുമ്പോൾ പ്രസ്തുത വിഭാഗത്തിൽ യോഗ്യതാ നിർണ്ണയപരീക്ഷ പാസ്സായി അസിസ്റ്റൻറായി പരിശീലനം നേടി അർഹതയുള്ളവർ ഇല്ലാതെ വന്നാൽ അങ്ങനെയുള്ള ഒഴിവുകളിൽ അർഹതയുള്ള ബിരുദദാരികളായ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരെ നിയമിക്കുന്നത് എന്നും ഉത്തരവായിരുന്നു.

2. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും, സംശയങ്ങൾ ഉന്നയിച്ചു കൊണ്ടും നിരവധി നിവേദനങ്ങൾ ഗവൺമെൻറിന് ലഭിക്കുകയുണ്ടായി. അവയെല്ലാം ഗവൺമെൻറ് വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പരാമർശത്തിലെ സർക്കാർ ഉത്തരവിലെ (ഡി) ഉപ വകുപ്പിന് താഴെപ്പറയുന്ന വിശദീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് 17.6.1988 ന് മുൻപ് യോഗ്യതാനിർണ്ണയ പരീക്ഷ പാസ്സാവുകയും, ഒരു വർഷത്തെ അസിസ്റ്റൻറ് പരിശീലനം പൂർത്തിയാക്കി യോഗ്യത നേടുകയും ചെയ്ത ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്ക് മാത്രമേ ബിരുദധാരികളായ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരേക്കാൾ മുൻഗണനയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഒപ്പ്
ഉത്തരവിൻ പ്രകാരം,
**കെ.കെ. വിജയകുമാർ**
സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്തു സഹിതം)
പൊതുഭരണ (അക്കൗണ്ട്സ് – ഡി, ഇ. എച്ച്., എസ്.സി./എസ്.എസ്./സ്പെഷ്യൽ – എ/സ്പെ.ബി/ സ്പെ.സി/സി.ആർ/സർവീസസ് എ/) വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പ്/